**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 42** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>വൈദ്യുതി പ്രസരണ നഷ്ടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി. നടപ്പിൽ വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി നിലവിലുള്ള 66 കെ.വി സബ്സ്റ്റേഷനുകളിൽ 46 എണ്ണം ഉയർന്ന വോൾട്ടേജായ 110 കെ.വി/220 കെ.വി യിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിയ്ക്കുന്നതിനും, വൈദ്യുത പ്രസരണ ശൃംഖലയും സബ്സ്റ്റേഷനുകളുടെ എണ്ണവും വൈദ്യുതി ഉപഭോഗത്തിന് അനുസരിച്ച് വർദ്ധിപ്പിയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** ഇപ്പോഴുള്ള വൈദ്യുതി പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വൈദ്യുതി പ്രസരണനഷ്ടം ഇനിയും കുറയ്ക്കാൻ കഴിയുമോ എന്ന് പരിശോധിക്കുമോ;

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്. ആഭ്യന്തര ഉൽപാദനം, വൈദ്യുത പ്രസരണ ശൃംഖല, സബ്സ്റ്റേഷനുകൾ എന്നിവ വർദ്ധിപ്പിയ്ക്കുന്നതിലൂടെ വൈദ്യുതി പ്രസരണ നഷ്ടം ഇനിയും കുറയ്ക്കാൻ കഴിയുന്നതാണ്. അതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ഏതെല്ലാം വിധത്തിലാണ് പ്രസരണനഷ്ടം ഉണ്ടാകുന്നതെന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആഭ്യന്തര ഉൽപാദനത്തിന്റെ കുറവ് മൂലം.
2. 66 കെ.വി/33 കെ.വി/11 കെ.വി എന്നീ കുറഞ്ഞ വോൾട്ടേജിൽ കൂടുതൽ ദൂരം വൈദ്യുതി പ്രസരണം നടത്തുന്നതുവഴി വൈദ്യുതി പ്രസരണ നഷ്ടം ഉണ്ടാകുന്നു.

3. വൈദ്യുതി പ്രസരണ ലൈൻ, ട്രാൻസ്ഫോർമർ എന്നിവ അതിന്റെ അനുയോജ്യമായ ഉപയോഗ ശേഷിയുടെ (Optimum Loading) 70% മേൽ ഉപയോഗിക്കപ്പെടുമ്പോൾ വൈദ്യുതി വൈദ്യുതി പ്രസരണ നഷ്ടം ഉണ്ടാകുന്നു.

**സെക്ഷൻ ഓഫീസർ**